LIBRARY ARCHIVES Kerala Legislative Assembly

കേരള വെറ്ററിനറി സർവ്വകലാശാല നേരിടുന്ന പ്രതിസന്ധി

178 (3014) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി സർവ്വകലാശാല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

സർവ്വകലാശാലാ ആസ്ഥാന കാര്യാലയം നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ അത് പരിഹരിച്ച് തരുവാനും കൂടാതെ വയനാട് വൈത്തിരി താലൂക്കിൽ സർവ്വകലാശാലാ ആസ്ഥാനകാര്യാലയ നിർമ്മാണത്തിനായി സർക്കാർ അനുവദിച്ച ഭൂമി ഈ സാമ്പത്തിക വർഷംതന്നെ വിനിയോഗിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ എടുത്തുവരുന്നു. സർവ്വകലാശാല നിലവിൽ വന്നപ്പോൾ ആസ്ഥാന കാര്യാലയ പ്രവർത്തനത്തിന് ആവശ്യമായ 110 അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ വിഭജനത്തെ തുടർന്ന് പുതുതായി രൂപീകൃതമായ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിലേയ്ക്ക് ഓപ്ഷൻ മുഖാന്തിരം നിയമനം നേടിയ കാർഷിക സർവ്വകലാശാലയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെയും ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രോവിഡന്റ് ഫണ്ട് കടിശ്ശികയും കാർഷിക സർവ്വകലാശാലയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ലഭിക്കേണ്ട കടിശ്ശിക തുകകളും കൂടി ആകെ 35,15,29,717 (മുപ്പത്തിയഞ്ച് കോടി പതിനഞ്ച് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപ) ലഭിക്കാനുള്ളതിൽ സർക്കാർ ഉത്തരവ് (ആർറ്റി.) 1547/15/എ.ഡി. തീയതി 15-9-2015 പ്രകാരം 7,32,13,279 രൂപ (ഏഴ് കോടി മുപ്പത്തിരണ്ട് ലക്ഷത്തി പതിമൂവ്വായിരത്തി ഇരുന്നൂറ്റി എഴുപത്തിയൊൻപത്) പദ്ധതി ഇതര വിഹിതത്തിലെ ഭാവി ഗഡുക്കളിൽനിന്ന് തിരികെ പിടിക്കുമെന്ന നിബന്ധനയിൽ അനുവദിച്ചിട്ടുണ്ട്.

വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം

179 (3015) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ ചീമേനിയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;